ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഇവിടെ ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടുമുള്ള നന്ദി ഞാൻ അറിയിക്കട്ടെ. ഇവിടെ നിർദ്ദേശങ്ങൾ വന്നു, ക്രിയാത്മകമായ വിമർശനങ്ങളുണ്ടായി. ആ നിർദ്ദേശങ്ങളേയും ക്രിയാത്മകമായ വിമർശനങ്ങളേയും ഞാൻ ഉൾക്കൊള്ളുകയാണ്. ആ വിമർശനങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളും തീർച്ചയായും പ്രവർത്തന മേഖലയിൽ കൊണ്ടുവരും. കാരണം, കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ എന്റെ വിജയമുണ്ടായത് തീർച്ചയായും ഇത്തരത്തിലുള്ള വിമർശനങ്ങളെ ഞാൻ ഉൾക്കൊണ്ടതുകൊണ്ടാണ്. എല്ലാവരും മുഖത്തുനോക്കി 'അനൂപേ, നീ കൊള്ളാം, മിടുക്കനാണ്' എന്ന് പറഞ്ഞിരുന്നുവെങ്കിൽ ഞാൻ ഇന്നിവിടെ നിൽക്കില്ലായിരുന്നു. അതുകൊണ്ടുതന്നെ ആ വിമർശനങ്ങൾ പ്രയോജനപ്രദമായി വകുപ്പ് കൂടുതൽ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുമെന്ന് ഞാൻ കരുതുകയാണ്. രാഷ്ട്രീയ വിമർശനങ്ങളെ അതിന്റേതായ പ്രാധാന്യത്തിൽ മാത്രം മാറ്റി നിർത്തുകയാണ്. ഈ കഴിഞ്ഞ ഒരു വർഷമായി ഭക്ഷ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റിന്റെ മുഖമുദ്ര എന്ന നിലയിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് പറയുമ്പോൾ മകനെന്ന നിലയിലും ഇപ്പോൾ ഈ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിലും ഞാൻ എന്റെ പിതാവിനെ സ്മരിക്കുകയാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഈ ഗവൺമെന്റിന്റെ ജനകീയ മുഖത്തിനുള്ള ഏറ്റവും വലിയ ഉദാഹരണമായി ഇതിനെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ജനങ്ങളോടുള്ള പ്രതിബദ്ധതയുടെ ഏറ്റവും വലിയ ഉദാഹരണമാണിത്. ഇത് ലഭ്യമാക്കുമ്പോൾ

2011–12 വർഷം 164 കോടി രൂപ ഈ ഗവൺമെന്റിന് സബ്സിഡി ഇനത്തിൽ ആയിട്ടുണ്ട്. 2012–13 സാമ്പത്തിക വർഷം 260 കോടി രൂപ സബ്സിഡി ഇനത്തിൽ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അധിക സബ്സിഡി കൊടുക്കുമ്പോൾ അത് ജനങ്ങൾക്ക് പ്രയോജനപ്രദമായ നിലയിൽ അവരിലേയ്ക്ക് എത്തിക്കുവാനുള്ള എല്ലാ ശ്രമങ്ങളും സുതാര്യമായ നിലയിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ച കൂട്ടത്തിൽ റേഷൻ കാർഡുകളുടെ കാര്യം പറഞ്ഞു. അത് സർക്കാരിന്റെ ജനകീയതയ്ക്കുള്ള മറ്റൊരു ഉദാഹരണമാണ്. അപേക്ഷിക്കുന്ന അന്നുതന്നെ റേഷൻ കാർഡ് കൊടുക്കുക, റേഷൻ കാർഡ് ലഭ്യമാകാതെ ബുദ്ധിമുട്ടുന്ന ജനങ്ങൾ കേരളത്തിലെ ഒരു സ്ഥിരം കാഴ്ചയായിരുന്നു. അതിന് ഒരു വലിയ മാറ്റം കൊണ്ടുവരാൻ സാധിച്ചു. കെട്ടിക്കിടന്ന ആറ് ലക്ഷത്തോളം റേഷൻ കാർഡുകൾ ഈ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കൊടുത്തുതീർക്കാൻ ഡിപ്പാർട്ടുമെന്റിന് സാധിച്ചിട്ടുണ്ട്. അനധികൃതമായി കൈവശം വച്ചിരുന്ന 35,708 ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആയി കൺവർട്ട് ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇനിയും അത്തരത്തിൽ അനർഹമായി ബി.പി.എൽ കാർഡുകൾ കൈവശം വച്ചിട്ടുള്ളവർക്ക് അത് സറണ്ടർ ചെയ്യാൻ വീണ്ടും ഒരു സന്ദർഭംകൂടി ഗവൺമെന്റ് കൊടുക്കുകയാണ്. ഇന്നത്തെ ചർച്ചയിൽ ഏറ്റവുമധികം കടന്നു വന്നത് വിലക്കയറ്റമാണ്. അതേപ്പറ്റി പറയുമ്പോൾ ഇതൊരു ആഗോള പ്രതിഭാസമാണെന്ന് പറഞ്ഞ് കയ്യും കെട്ടി ഇരിക്കുകയല്ല ഈ ഗവൺമെന്റ് ചെയ്തത്. വിലക്കയറ്റം വന്നപ്പോൾ ഗവൺമെന്റും കൺസ്യൂമർ ഫെഡ്, ഹോർട്ടി കോർപ്പ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സപ്ലൈകോ അടക്കമുള്ള വിവിധ ഏജൻസികളും ശക്തമായി വിപണിയിൽ ഇടപെട്ടു. പച്ചക്കറികളുടെ വില

വർദ്ധിച്ചില്ലെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി 30 ശതമാനം വിലക്കുറവിൽ പച്ചക്കറികൾ വിപണിയിൽ എത്തിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു മാസമായി വിപണിയിലുള്ള ഇടപെടൽ നടക്കുന്നു, അത് തുടർന്നുകൊണ്ടുമിരിക്കുന്നു. വില കുറച്ചുവെന്ന് അവകാശപ്പെടുന്നില്ലെങ്കിലും അനിയന്ത്രിതമായ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ ഈ വിപണി ഇടപെടൽ മൂലം സാധിച്ചിട്ടുണ്ട്. അത് 200-ഓളം ഔട്ട് ലെറ്റുകളിൽ വിതരണം ചെയ്തുവരുന്നു. ഓണക്കാലം വരെ ഇത് തുടരുന്നതുമാണ്. സപ്ലൈകോയുടെ ചരിത്രത്തിൽ ആദ്യമായി 50 ദിവസം നീണ്ടുനിൽക്കുന്ന ഓണച്ചന്തകൾക്ക് തുടക്കം കുറിക്കുകയാണ്. നാളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഈ ഓണച്ചന്ത ഉദ്ഘാടനം ചെയ്യും. 13 നിത്യോപയോഗ സാധനങ്ങൾ, അരി, പച്ചക്കറി തുടങ്ങിയവ ലഭ്യമാകുന്ന സാഹചര്യം ഈ ഓണച്ചന്തകളിലുണ്ടാകും. അതുപോലെതന്നെ ഈ ഓണം മുതൽ സപ്ലൈകോ സഞ്ചരിക്കുന്ന ഓണച്ചന്തകൾക്ക് രൂപം കൊടുക്കുകയാണ്. നമ്മുടെ വീട്ടുമുറ്റത്ത് ഒരു ഓണച്ചന്ത എന്ന ആശയം പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു. വിലക്കയറ്റമുള്ള സാഹചര്യത്തിൽ ഈ സഞ്ചരിക്കുന്ന ഓണച്ചന്തകൾ മുഖേന വിലകുറഞ്ഞ നല്ല സാധനങ്ങൾ ജനങ്ങൾക്ക് പ്രാപ്യമാക്കുവാൻ സഹായിക്കുമെന്ന് കരുതുകയാണ്. വെജിറ്റബിൾസ്, പൾസസ്, പയർവർഗ്ഗങ്ങൾ, അരി തുടങ്ങിയ സെലക്ടീവായ സാധനങ്ങൾ ഈ സഞ്ചരിക്കുന്ന ഓണച്ചന്തകളിലുണ്ടാകും. അത് ഈ വർഷം എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ കഴിയില്ലെങ്കിലും വരും വർഷങ്ങളിൽ പതിനാല് ജില്ലകളിലും അത് ആരംഭിക്കുന്നതാണ്. വിലക്കയറ്റത്തെക്കുറിച്ച് സംസാരിച്ചപ്പോൾ ഹോട്ടലുകളിലെ അമിതമായ വിലക്കയറ്റത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ നിയമസഭയിൽ ചോദ്യോത്തര വേളയിൽ ഞാൻ അതേക്കുറിച്ച് പറഞ്ഞിരുന്നു.

വില നിയന്ത്രിക്കാനുള്ള നിയമ നിർമ്മാണം ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് പ്രവർത്തന മേഖലയിലേയ്ക്ക് കൊണ്ടുവരുമ്പോൾ ഹോട്ടലുകൾ തോന്നിയതുപോലുള്ള വില നിശ്ചയിക്കുന്ന പ്രവണതയ്ക്ക് അവസാനമുണ്ടാക്കാൻ സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത പലരും പല വിഷയങ്ങളിലേയ്ക്ക് കടന്നു പോയപ്പോഴും ഏറ്റവും പ്രധാനമായി മൂന്ന്നാല് അംഗങ്ങൾ സംസാരിച്ചപ്പോൾ കൃഷിയിലേയ്ക്കുള്ള തിരിച്ചുവരവിനെക്കുറിച്ചാണ്. വിലക്കയറ്റത്തെക്കുറിച്ച് നമ്മൾ സംസാരിക്കുമ്പോൾ കൃഷിയോടുള്ള നമ്മുടെ സമീപനം എന്താണെന്നുകൂടി നമ്മൾ ചിന്തിക്കണം. നമ്മുടെ വീട്ടുമുറ്റത്ത് ലഭിച്ചുകൊണ്ടിരുന്ന പല പച്ചക്കറികൾക്കും ഇന്ന് നമ്മൾ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. കറിവേപ്പിലയ്ക്കുപോലും ബാംഗ്ളൂരിൽനിന്നു വരുന്ന വോൾവോ ബസ്സുകളുടെ ലഗേജ് കമ്പാർട്ടുമെന്റിലേയ്ക്ക് നോക്കേണ്ട ഒരവസ്ഥ മലയാളിക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ നമ്മുടെ കാഴ്ചപ്പാടുകളിൽ വന്ന വ്യത്യാസത്തെയാണ് സൂചിപ്പിക്കുന്നത്. ഒരുപാട് പദ്ധതികൾക്ക് ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. വീട്ടുമുറ്റത്ത് പച്ചക്കറി, ടെറസിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക തുടങ്ങിയ പല പദ്ധതികൾക്കും തുടക്കം കുറിച്ചു തദ്ദേശ സ്ഥാപനങ്ങളിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നു. പക്ഷേ അത് ക്രിയാത്മകമായ നിലയിലേയ്ക്ക് വരുന്നില്ലെന്നുണ്ടെങ്കിൽ നമ്മുടെ മനോഭാവത്തിൽ മാറ്റം വരേണ്ടതായിട്ടുണ്ട്. നമ്മൾ സ്വയം പര്യാപ്തതയിലേയ്ക്ക് തിരിച്ചുവരുമ്പോൾ ഇതിനൊരു മാറ്റം വരുമെന്ന് കരുതുന്നു. പച്ചക്കറി ഉത്പാദനത്തിൽ നമ്മൾ സ്വയം പര്യാപ്തരല്ലെന്ന് പറയുമ്പോൾ പൊതുവിതരണ രംഗം അതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഒളിച്ചോടുകയല്ല. തീർച്ചയായും വിലക്കുറവിൽ പച്ചക്കറികൾ വിപണിയിലെത്തിച്ച് അത് മുന്നോട്ടുകൊണ്ടുപോകുകതന്നെ ചെയ്യും. ഈ

ഒമ്പത് മാസത്തേയ്ക്ക് 85,000 മെട്രിക് ടൺ അരി ബി.പി.എൽ. വിഭാഗത്തിനും 1,85,500 മെട്രിക് ടൺ അരി എ.പി.എൽ. വിഭാഗത്തിനും അധികമായി അനുവദിച്ച് ലഭിച്ചിട്ടുണ്ട്. പതിനാല് ജില്ലകളിലും നെല്ല് സംഭരണം നടത്താൻ സാധിച്ചു. നെല്ലുല്പാദനം ഏഴ് ലക്ഷം ടൺ ആയി വർദ്ധിച്ചിട്ടുമുണ്ട്. നാൽപ്പത് ശതമാനം അധികം സംഭരണം ഈ കാലയളവിൽ നടത്തുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. സംഭരിക്കുന്ന നെല്ല് അരിയായി മില്ലുകളിൽനിന്ന് എ.ഡബ്ല്യു.എസ്. വഴി എ.ആർ.ഡി.യിലേയ്ക്ക് നമ്മൾ വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇനിമുതൽ സപ്ലൈകോ മുഖാന്തിരം ആയിരിക്കും അത് റേഷൻ കടകളിലേയ്ക്ക് കൊടുക്കുന്നത്. മില്ലുകളിൽനിന്ന് അരി മാറിപ്പോകുന്നു എന്ന വാർത്തകൾ വരുന്ന സാഹചര്യത്തിൽ അതിനൊരു തടയിടുക എന്ന ലക്ഷ്യത്തോടെ ഇത്തരത്തിലുള്ള അരി ഇനി മുതൽ സപ്ലൈകോ തന്നെ എടുത്ത് അത് എ.ആർ.ഡി.കൾക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുകയാണ്. അതുപോലെതന്നെ ഗോതമ്പിന്റെ വിഷയം ഇവിടെ സൂചിപ്പിച്ചു. നമുക്ക് അഡ്ഹോക് അലോട്ട്മെന്റായി ഈ വർഷം 60558 മെട്രിക് ടൺ ഗോതമ്പ് ലഭിച്ചിട്ടുണ്ട്. ഈ ഗോതമ്പ് പൊടിച്ച് 12 രൂപയ്ക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് ഇവിടെ വിമർശനമുണ്ടായി. എ.പി.എൽ. വിഭാഗത്തിന് ലഭിക്കുന്ന ഗോതമ്പിൽ പരമാവധി 6000 ടൺ വരെയുള്ളത് പൊടിപ്പിച്ച് എ.പി.എൽ. വിഭാഗത്തിന് കൊടുക്കുന്നുണ്ട്. കഴിഞ്ഞ മാസം 4000 ടണ്ണായിരുന്നു പൊടിപ്പിച്ചെടുത്തത്. ഇനി മുതൽ കുടുംബശ്രീ പോലെയുള്ള വനിതാ സ്വാശ്രയ സംഘങ്ങൾ മുന്നോട്ടുവന്നാൽ ഈ ഗോതമ്പ് പൊടിക്കുന്നത് അവരെ ഏൽപ്പിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അത്തരത്തിലുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്ക് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് ഒരു

പ്രോത്സാഹനം കൂടിയായിരിക്കുമെന്ന് ഞാൻ സൂചിപ്പിക്കട്ടെ. പ്രായോഗിക തലത്തിലേയ്ക്ക് വരുമ്പോൾ 4000 ടൺ പൊടിക്കുന്നതിന് അവർക്ക് സാധിക്കുമോ എന്നുള്ള ഒരു സംശയമുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് മുന്നോട്ടുവരുന്നവർക്ക് എത്ര എടുക്കാൻ സാധിക്കുമോ അത്രയും കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അതുപോലെതന്നെ മണ്ണെണ്ണയുടെ വിതരണം സംബന്ധിച്ച് വളരെയേറെ വിമർശങ്ങൾ ഇവിടെ വന്നു. നെയ്യാറ്റിൻകരയിലെ ജനങ്ങൾക്ക് കൊടുത്ത ഒരു തിരഞ്ഞെടുപ്പ് ഗിഫ്റ്റാണോ എന്ന നിലയിലുള്ള അഭിപ്രായവും ഇവിടെ വന്നു. നമ്മൾ ആരും കരിഞ്ചന്തയെ പ്രോത്സാഹിപ്പിക്കുന്നില്ല. ഈ സഭയിലിരിക്കുന്ന ആരും കരിഞ്ചന്തയെ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന കാര്യത്തിൽ ആർക്കും സംശയമില്ലല്ലോ. മണ്ണെണ്ണയുടെ സബ്സിഡി ബാങ്ക് അക്കൗണ്ടുകൾ വഴി ലഭ്യമാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് മണ്ണെണ്ണയുടെ കരിഞ്ചന്ത ഒഴിവാക്കാൻ വേണ്ടിയാണിത്. നെയ്യാറ്റിൻകര, കൊച്ചി ഈ രണ്ട് താലൂക്കുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇത് തുടക്കംകുറിക്കുകയാണ്. ഇതുപ്രകാരം മണ്ണെണ്ണയുടെ മുഴുവൻ വില കൊടുത്ത് ഉപഭോക്താവ് വാങ്ങുമ്പോൾ അതിന്റെ സബ്സിഡി ഇനത്തിലുള്ള തുക ആ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഓട്ടോമാറ്റിക് ട്രാൻസ്ഫർ വഴി ലഭ്യമാകും. ഇതുമൂലം ജനങ്ങൾക്കുണ്ടാകാൻ പോകുന്ന ബുദ്ധിമുട്ടുകൾ ഏത് വിധത്തിലാണെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കും. ജനങ്ങളുടെ ബുദ്ധിമുട്ട് കണ്ടില്ലെന്ന് നടിക്കുന്ന ഒരു സമീപനം ഗവൺമെന്റിനില്ല. അതുകൊണ്ടാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിനുമുമ്പ് പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് താലൂക്കുകളിൽ സംഘടിപ്പിക്കുന്നത്. അതിന്റെ രണ്ട് വശങ്ങളും നമുക്ക് പരിശോധിക്കാം. അങ്ങനെ പരിശോധിച്ച് ജന

ങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ മാത്രമേ ഇത് പ്രാവർത്തികമാക്കുകയുള്ളൂ. അരി കെട്ടിക്കിടന്ന് പുഴുവരിക്കുന്നുവെന്നതരത്തിലുള്ള പ്രസ്താവനകൾ ഉണ്ടാകരുത്. അത്തരത്തിലുള്ള സന്ദർഭങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ ഉണ്ടായിട്ടില്ല. എഫ്.സി.ഐ. ഗോഡൗണുകളിൽ അരി കെട്ടിക്കിടന്ന് ചീത്തയാകുന്നുവെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുമ്പോൾ ഇവിടെ റേഷൻ വിതരണത്തിനായി ലഭിക്കുന്ന അരി മോശമാണെന്ന് വരുത്തിത്തീർക്കുവാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ ചില കോണുകളിൽ നിന്ന് നടക്കുന്നുണ്ട്. അത്തരത്തിലുള്ള സാഹചര്യങ്ങളെ നിരുത്സാഹപ്പെടുത്തണം. അങ്ങനെ റേഷൻ കടകളിൽനിന്ന് ജനങ്ങളെ അകറ്റാൻ വേണ്ടിയുള്ള പരിശ്രമമാണോ ഇതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതു പറയുമ്പോൾ എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യം സ്റ്റോക്കുണ്ടെന്ന കാര്യം ഞാൻ തള്ളിക്കളയുന്നില്ല. എഫ്.സി.ഐ. ഗോഡൗണുകളിൽ 5 ലക്ഷം ടണ്ണാണ് സ്റ്റോറിംഗ് കപ്പാസിറ്റി. 23 എഫ്.സി.ഐ ഗോഡൗണുകളിലായി ആകെ അഞ്ചുലക്ഷം ടൺ സ്റ്റോറിംഗ് കപ്പാസിറ്റിയുണ്ട്. പക്ഷേ കേരളത്തിന്റെ എല്ലാ എ.ഡബ്ല്യു.എസ്-ഉം സപ്ലൈകോ ഉൾപ്പെടെ നോക്കുമ്പോൾ ഒരു ലക്ഷത്തിൽ താഴെയാണ് നമ്മുടെ സ്റ്റോറിംഗ് കപ്പാസിറ്റി. അതുകൊണ്ടുതന്നെ ഈ ഭക്ഷ്യധാന്യങ്ങൾ ഒരുമിച്ച് എടുക്കാനുള്ള ഒരു സാഹചര്യമില്ല. കേന്ദ്ര ഗവൺമെന്റ് മൂന്നുമാസം വരെയുള്ള ഭക്ഷ്യധാന്യങ്ങൾ ലിഫ്റ്റ് ചെയ്യണമെന്ന് ആവർത്തിച്ചാവശ്യപ്പെടുന്നുണ്ട് അങ്ങനെ അത് ലിഫ്റ്റ് ചെയ്യാനുള്ള സാഹചര്യം നമുക്കില്ല. കഴിഞ്ഞ ദിവസം ഡൽഹിയിൽ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് കേന്ദ്ര ഭക്ഷ്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഇന്ററിം ഗോഡൗൺ സ്പേസുകൾ ലഭ്യമാക്കുവാൻ കേന്ദ്രസഹായം നൽകു

മെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. അതുപ്രകാരം നമുക്ക് കൂടുതൽ ഗോഡൗണുകൾ പണിയാൻ സാധിക്കും. ഇത്തരം സാഹചര്യങ്ങൾ വരുമ്പോൾ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ നമുക്ക് എഫ്.സി.ഐ–യിൽനിന്ന് ലിഫ്റ്റ് ചെയ്യാനുള്ള അവസരമുണ്ടാകും. അതുപോലെതന്നെ രണ്ട് സൈലോസുകൾ കൊച്ചിയിലും കോഴിക്കോടും കേരളത്തിനായി കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അമ്പതിനായിരം ടൺ സ്റ്റോറിംഗ് കപ്പാസിറ്റിയുള്ള രണ്ട് സൈലോസുകളാണ് അനുവദിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ക്രിയാത്മകമായ ഒരു സമീപനം കേരളത്തോട് ഉണ്ടെന്നുകൂടി ഞാൻ സൂചിപ്പിക്കട്ടെ. സ്റ്റോറേജ് കപ്പാസിറ്റി കൂടുന്നതനുസരിച്ച് എഫ്.സി.ഐയിൽ കൂടുതൽ ഭക്ഷ്യധാന്യം എടുക്കാൻ സാധിക്കും. എഫ്.സി.ഐ ഗോഡൗണുകളിൽ ഭക്ഷ്യധാന്യം കെട്ടിക്കിടന്ന് നശിക്കുന്നുവെന്ന വാർത്തകൾ ആവർത്തിച്ചാവർത്തിച്ച് വന്നു. തീർച്ചയായിട്ടും അത് അതിന്റെ ഗൗരവത്തിൽത്തന്നെ ഗവൺമെന്റ് എടുത്തിട്ടുണ്ട്. അങ്ങനെ വാർത്ത വന്ന സന്ദർഭത്തിൽത്തന്നെ എഫ്.സി.ഐ അധികാരികളുമായി ബന്ധപ്പെട്ടു, അവർ ഒരു ഇൻസ്പെക്ഷൻ ടീമിനെ അയച്ചിരുന്നു. 23 എഫ്.സി.ഐ ഗോഡൗണുകളിൽ അവർ പരിശോധന നടത്തി. അവിടെ ഒരിടത്തും സ്റ്റോറേജ് മുഖാന്തിരം ഭക്ഷ്യധാന്യങ്ങൾ ചീത്തയായിട്ടില്ല. ട്രാൻസിറ്റ് സമയത്ത്, വാഗണിൽ ഇത് വരുന്ന സമയത്ത് ചീത്തയായിട്ടുണ്ട് എന്ന് അവർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എഫ്.സി.ഐ ഗോഡൗണിൽ സ്റ്റോർ ചെയ്യുന്ന സന്ദർഭത്തിൽ ഒരു ഭക്ഷ്യധാന്യത്തിനും നാശം സംഭവിച്ചിട്ടില്ല എന്ന് അവർ രേഖാമൂലം ഗവൺമെന്റിന് മറുപടി നൽകിയിട്ടുണ്ട്. ട്രാൻസിറ്റ് സമയത്ത് വാഗണുകളിൽ വരുന്ന അരിച്ചാക്കിൽ വെള്ളം നനഞ്ഞ് കുതിർന്നിരിക്കുന്ന സാഹചര്യങ്ങളുണ്ട്. പത്രത്തിൽ ഫ്രണ്ട് പേജിൽ അച്ചടിച്ചു

വരികയും ചെയ്തു. റെയിൽവേയുമായി ബന്ധപ്പെട്ടപ്പോൾ അവർ പറഞ്ഞത് ഡോറിനോട് ചേർന്നിരിക്കുന്ന ഭാഗത്ത് ഡോർ അടയാത്തതുകൊണ്ട് മഴ വെള്ളം വീഴുന്നുവെന്നാണ്. റെയിൽവേയുടെ ശ്രദ്ധയിൽ ഇത് കൊണ്ടുവന്നിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങൾ ആവർത്തിക്കരുതെന്ന് റെയിൽവേയോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഈ വിഷയങ്ങൾ വന്നപ്പോൾ എഫ്. സി.ഐ. യിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ അതുകൊണ്ടുവന്നു. അവർ ഇൻസ്പെക്ഷൻ ടീമിനെ വച്ചു. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ഇല്ലെന്ന് ആവർത്തിച്ച് പറഞ്ഞിട്ടുമുണ്ട്. ക്വാളിറ്റി കൺട്രോളിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഫുഡ് ക്വാളിറ്റി അഷ്വർ ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ഇൻഡ്യൻ ഗ്രെയ്ൻ സ്റ്റോറേജ് മാനേജ്മെന്റ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ റേഷനിംഗ് ഇൻസ്പെകടർമാർക്കും റ്റി.എസ്.ഒ. മാർക്കും പരിശീലനം കൊടുക്കാൻ ഉദ്ദേശിക്കുന്നു. നമുക്ക് ലഭിക്കുന്ന ഫുഡ് ഗ്രെയിൻസിന്റെ ക്വാളിറ്റി പരിശോധിക്കാൻ, ഇപ്പോൾ എഫ്.സി.ഐ. യിൽ നിന്ന് എടുക്കുന്ന ഫുഡ് ഗ്രെയിൻസിന് വിഷ്വൽ എക്സാമിനേഷനാണ്. കൈയിലെടുത്ത് നോക്കും അതിൽ പൊടിയുണ്ടോ, അതിന്റെ കണ്ടെന്റ് നോക്കുന്നു, മണത്തുനോക്കുന്നു. അങ്ങനെ വിഷ്വൽ എക്സാമിനേഷനാണ് നടക്കുന്നത്. ടെക്നിക്കൽ ക്വാളിഫിക്കേഷൻ അതിലേയ്ക്ക് വന്നിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർക്കും റ്റി.എസ്.ഒ.മാർക്കും പരിശീലനം കൊടുക്കുമ്പോൾ ക്വാളിറ്റി കാര്യങ്ങളിൽ നമുക്ക് ഒരു ആധികാരികത കൊണ്ടുവരാൻ തീർച്ചയായും സാധിക്കുമെന്നുതന്നെ ഗവൺമെന്റ് കരുതുകയാണ്. ഇവിടെ സൂചിപ്പിച്ചതുപൊലെ ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലബോറട്ടറി ശക്തിപ്പെടുത്തുവാൻ ബഡ്ജറ്റിൽ തുകയുണ്ട്. എല്ലാ താലൂക്കുകളിലും ലബോറട്ടറി നിർമ്മിക്കുന്നത് ഗവൺമെന്റ് പരിശോധി

ച്ചുവരികയാണ്. ബഹുമാനപ്പെട്ട ചാലക്കുടി അംഗം സപ്ലൈകോ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ളവർ ടെണ്ടറിൽ കടന്നുകൂടാൻ ശ്രമിക്കുവെന്ന് സൂചിപ്പിച്ചു. തീർച്ചയായും അത് അന്വേഷിക്കും. ഇത്തരത്തിലുള്ള ഒരു സന്ദർഭങ്ങളും അനുവദിച്ചുകൊടുക്കുകയില്ല. അത്തരത്തിലുള്ള സാഹചര്യങ്ങളുണ്ടോ എന്ന് തീർച്ചയായും അന്വേഷിക്കും. ഉണ്ടെങ്കിൽ അതിനെതിരെ നടപടികളെടുക്കുകയും ചെയ്യും. ഇത്രയും വിഷയങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് ടി.വി. ചാനലുകൾ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. എന്റെ മണ്ഡലത്തിലെ ഒരു സ്കൂളിൽ സിവിൽ സപ്ലൈസിൽ നിന്ന് അരി കൊടുത്തപ്പോൾ അതിൽ ചത്ത എലിയും ബീഡിക്കുറ്റിയുമൊക്കെയുണ്ട്. അങ്ങ് ക്വാളിറ്റി കൺട്രോളർമാരെക്കുറിച്ച് പറഞ്ഞു. ക്വാളിറ്റി കൺട്രോളർമാർ വേണ്ട നിലയിൽ പ്രവർത്തിക്കാത്തതുകൊണ്ടാണ് ഏറ്റവും മോശപ്പെട്ട ഭക്ഷ്യസാധനങ്ങൾ സ്കൂളുകളിൽ എത്താൻ ഇടവരുന്നത്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ.എം. ആരിഫ്: സർ, കേന്ദ്ര ഗവൺമെന്റ് അരി കയറ്റുമതി ചെയ്യുന്നതാണ് അരിവില വർദ്ധിക്കാനിടയായ സാഹചര്യം എന്ന് അങ്ങ് പറയുകയുണ്ടായി. അങ്ങ് പറയുന്നത് ടി.വി. യിൽ ഞാൻ നേരിട്ട് കണ്ടതാണ്. ആ അഭിപ്രായത്തിൽ അങ്ങ് ഉറച്ചുനിൽക്കുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അപേക്ഷിച്ച ഉടൻ റേഷൻ കാർഡ് കൊടുക്കുന്നുവെന്ന് ഗവൺമെന്റ് പറയുന്നതല്ലാതെ പല സ്ഥലങ്ങളിലും

അത് കൊടുക്കുന്നില്ല. കോട്ടയത്ത് കിട്ടുന്നില്ല എന്നുള്ളത് എനിക്കറിയാം. ബാക്കിയുള്ള സ്ഥലങ്ങളിലെ കാര്യം മറ്റ് മെമ്പർമാർ പറയും.

ശ്രീ. കെ. അച്ചുതൻ: സർ, പാലക്കാട് നെല്ല് സംഭരിച്ചതിന്റെ തുക മുഴുവനായി കൊടുക്കാത്തതുകൊണ്ട് കൃഷിയിറക്കാൻ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നാണ് കർഷകർ പറയുന്നത്. അടിയന്തിര മായി നെല്ലിന്റെ സംഭരണ വില കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. അനൂപ് ജേക്കബ് : കോഴിക്കോട് ജില്ലയിൽ ആ ഒരു വിഷയം വന്നു എന്നത് വാർത്തകളിലൂടെ അറിയാൻ സാധിച്ചിട്ടുണ്ട്. അത് എന്താണെ ന്നുള്ളത് അന്വേഷിക്കുന്നുണ്ട്. അന്വേഷിച്ച് അതിൻമേൽ തീർച്ചയായും നട പടിയെടുത്തിരിക്കും. ഇപ്പോഴാണ് അത് വാർത്തകളിൽ വന്നതെന്നാണ് മന സ്സിലാക്കുന്നത്. നെല്ല് സംഭരണത്തിന്റെ വില സമയബന്ധിതമായി കൊടു ത്തുതീർത്തുകൊണ്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട തോമസ് ചാണ്ടി ഉന്നയിച്ച സബ്മിഷന്റെ മറുപടിയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. അതുപോലെ അപേക്ഷിക്കുന്ന അന്നുതന്നെ റേഷൻ കാർഡുകൾ ലഭ്യമാകുന്നുണ്ട്. ഏതെ ങ്കിലും മേഖലയിൽ അത് ലഭ്യമാകുന്നില്ലെങ്കിൽ അന്വേഷിച്ച് നടപടി എടു ത്തിരിക്കും. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ക്ഷീരവികസനവും സാമൂഹ്യസേവനവും എന്ന ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ശ്രീമതി പി. അയിഷാ പോറ്റി മുതൽ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) വരെയുള്ള ബഹുമാനപ്പെട്ട അംഗങ്ങളോട് വളരെയേറെ നന്ദിയുണ്ട്. കാര്യമായ വിമർശനങ്ങളൊന്നും ഉണ്ടായില്ലെങ്കിലും ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങൾ ഗൗരവമായി കണക്കിലെടുക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകും. ഇവിടെ എന്റെ മുൻഗാമിയായ ശ്രീ. സി. ദിവാകരൻ മന്ത്രിയായിരുന്ന കാലത്താണ് ക്ഷീരമേഖലയിൽ വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ടത്. അത് പൂർത്തിയാക്കാൻ ഈ ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട്. പാൽ, മുട്ട, കോഴിയിറച്ചി, പച്ചക്കറി എന്നീ നാലു രംഗങ്ങളിൽ കേരളം സ്വയംപര്യാപ്തത നേടുക എന്ന 12–ാം പദ്ധതികാലത്തെ ലക്ഷ്യം കണക്കിലെടുത്തുകൊണ്ട് പാലുല്പാദന രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിലെ ഒരു ദിവസത്തെ പാലിന്റെ ആഭ്യന്തര ഉപഭോഗം 82 ലക്ഷം ലിറ്ററാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പാലിന്റെ ഉൽപ്പാദനം 75þ76 ലക്ഷം ലിറ്ററായിരുന്നു. ശ്രീ. ജയരാജൻ ഇവിടെ ചില കണക്കുകൾ പറഞ്ഞു. കഴിഞ്ഞ ആഴ്ചയിൽ പാലിന്റെ ഉൽപ്പാദനം 79–80 ലക്ഷം ലിറ്ററാണ്. അതായത് 2011 മേയ് മാസം 6-7 ലക്ഷം ലിറ്റർ പാൽ .ഷോർട്ടേജുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ അത് രണ്ട് ലക്ഷം ലിറ്ററായി കുറഞ്ഞിട്ടുണ്ട്. ഭാരിച്ച ചെലവുകൾ കാരണം കന്നുകാലി വളർത്തൽ ഉപേക്ഷിച്ചുപോകുന്ന ക്ഷീരകർഷകരെ ആ മേഖലയിൽ ഉറപ്പിച്ചുനിർത്താൻ

വേണ്ടി നടപടിയുണ്ടായില്ലായെന്ന് ബഹുമാന്യനായ ശ്രീ. സി. ദിവാകരൻ കട്ട്മോഷനിലൂടെ പറയുകയുണ്ടായി. എന്നാൽ, ഇന്ന് കേരളത്തിലെ ക്ഷീരമേഖലയിൽ തൃപ്തികരമായ ഒരു നേട്ടമുണ്ടായിട്ടുണ്ട്. ഒന്നാമതായി പാലിന്റെ വില കൂട്ടാനുള്ള നിർദ്ദേശം വന്നപ്പോൾ അങ്ങ് മടിച്ചുനിന്നു. പല വിധത്തിലുള്ള പഠനങ്ങളുടെ ഭാഗമായാണ് ആ നിർദ്ദേശം വന്നത്. പാലിന്റെ വില കൂട്ടാതെ മുന്നോട്ടുപോകാൻ സാധിക്കുകയില്ലെന്ന് അങ്ങേയ്ക്കും അറിയാമായിരുന്നു. കാരണം, ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ഉല്പാദനച്ചെലവുമായി പാലിന്റെ വിലയ്ക്ക് ബന്ധമില്ല. അഞ്ച് രൂപ..........

ശ്രീ. സി. ദിവാകരൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ച് തവണ പാലിന്റെ വിലകൂട്ടി. ആറാമത്തെ തവണ വില വർദ്ധിപ്പിക്കുന്ന നടപടി മാറ്റിവച്ചു.

ശ്രീ. കെ.സി. ജോസഫ്: ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെട്ട് ന്യായമായ വില കൊടുക്കണമെന്നാണ് അങ്ങ് നിയോഗിച്ച കമ്മീഷൻ ഉൾപ്പെടെ ശുപാർശ ചെയ്തത്. അങ്ങ് ആ തീരുമാനം മാറ്റിവച്ചു. ഈ ഗവൺമെന്റ് പാലിന് അഞ്ച് രൂപ കൂട്ടിയപ്പോൾ 4.20 രൂപ കൃഷിക്കാരന് കൊടുത്തു. ഇവിടെ മനസ്സിലാക്കേണ്ട കാര്യം, 2011 സെപ്റ്റംബർ 5–ന് പാൽ വില വർദ്ധിപ്പിച്ചതിനുശേഷം പാലുല്പാദനത്തിൽ ഏതാണ്ട് 30 ശതമാനം വർദ്ധനവുണ്ടായി. ന്യായമായ വില കൊടുത്താൽ പാലുല്പാദനം വർദ്ധിക്കുമെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. അത്തരം ഗുണപരമായൊരു മാറ്റം കേരളത്തിന്റെ പാലുല്പാദന മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് ക്ഷീരമേഖലയ്ക്കായി ധാരാളം സഹായങ്ങൾ അനുവദിക്കുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും പ്രാധാന്യം നൽകിയിരിക്കുന്നത് ക്ഷീരമേഖലയ്ക്കാണ്. തീറ്റപ്പുൽകൃഷിക്കുവേണ്ടിമാത്രം 500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2012–13–സാമ്പത്തിക വർഷം 3000 ഹെക്ടർ പ്രദേശത്തുകൂടി തീറ്റപ്പുൽ കൃഷിചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാലിത്തീറ്റ സബ്സിഡി ഒരു ലിറ്റർ പാലിന് 40 പൈസയായിരുന്നു. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ ആദ്യം അത് 80 പൈസയാക്കി. അങ്ങ് കൊടുത്തത് ആറ് മാസമായിരുന്നു. ഞങ്ങൾ അത് 12 മാസമാക്കി. കാലിത്തീറ്റയുടെ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി കേരളത്തിലെ പാലുല്പാദന മേഖലയിൽ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ട്. ഇന്ന് മലബാർ മേഖലയ്ക്ക് പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ സാധിച്ചിട്ടുണ്ട്. ഇന്ന് മലബാർ മേഖല പാൽ വിൽക്കുന്നത് എറണാകുളം മേഖലയ്ക്കാണ്. ആ മാറ്റം അങ്ങ് കാണാതെ പോകരുത്. ഇവിടെ മിൽമയെപ്പറ്റി വലിയ ആക്ഷേപമാണ് ഉന്നയിച്ചത്. മിൽമ പാലുല്പാദന രംഗത്ത് സജീവസാന്നിദ്ധ്യമുള്ള ഒരു സ്ഥാപനമാണ്. മിൽമ ഒരുതരത്തിലുമുള്ള അട്ടിമറിയും നടത്തുന്നില്ല. ഇന്ന് കേരളത്തിന് ആവശ്യമുള്ള പാലിന്റെ ഉത്പാദനവുമായി തട്ടിച്ചുനോക്കുമ്പോൾ ഗുണമേന്മ പരിശോധന പോലുമില്ലാതെ നാലും അഞ്ചും ലക്ഷം ലിറ്റർ പാൽ കർണ്ണാടകയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും വാങ്ങുന്നുവെന്നുള്ളത് ശരിയാണ്. പക്ഷേ, മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളും ഫെഡറേഷനും സജീവമായി ശ്രമിക്കുന്നതുകൊണ്ടാണ് പാലുല്പാദന മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചതെന്ന വസ്തുത വിസ്മരിക്കാൻ പാടില്ല. മാത്രമല്ല,

കൂടുതൽ ഹൈടെക് ഫാമുകൾ ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ട്. സാമൂഹ്യ വികസന രംഗവുമായി ബന്ധപ്പെട്ട് ചർച്ച തുടങ്ങിവച്ച ബഹുമാനപ്പെട്ട പി. അയിഷാപോറ്റി ഓംബുഡ്സ്മാന്റെ ചില കാര്യങ്ങൾ പറഞ്ഞു. ശ്രീ. ചെന്താമരാക്ഷനും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉണ്ടാകുന്ന അഴിമതി ഇല്ലാതാക്കാൻ സാധിക്കണമെന്ന് പറഞ്ഞു. റിട്ടയർ ചെയ്ത ജഡ്ജിമാരെയാണ് എല്ലാ ജില്ലകളിലും ഓംബുഡ്സ്മാനായി നിയോഗിച്ചിരിക്കുന്നത്. ഈ ഓംബുഡ്സ്മാൻ ചീഫ് സെക്രട്ടറിക്കാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. എന്നാൽ, ഈ റിപ്പോർട്ട് ചീഫ് സെക്രട്ടറിക്ക് നൽകുന്നതിനുമുമ്പായി മാധ്യമങ്ങൾക്ക് ലഭിച്ചതെങ്ങനെയാണെന്ന് എനിക്കറിയില്ല. ഗവൺമെന്റ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ട റിപ്പോർട്ട് ചീഫ് സെക്രട്ടറിക്കു കൊടുക്കുന്നതിനുമുമ്പായി മാധ്യമങ്ങൾക്ക് കൊടുത്തത് ഒരിക്കലും ശരിയായ കാര്യമല്ല. ഏതായാലും കേരളത്തിലെ പതിനാല് ജില്ലകളിലുമുള്ള ഓംബുഡ്സ്മാന്റെ റിപ്പോർട്ട് പരിശോധിച്ചുകൊണ്ട്. ഈ രംഗത്ത് അഴിമതി ഇല്ലാതാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തീർച്ചയായും നടപടിയുണ്ടാകും. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിൽ വെള്ളനാട് ബ്ലോക്കിലെ ആര്യനാട് പഞ്ചായത്തിൽ കാരോട് ഈഞ്ചപ്പുര റോഡ് പി.എം.ജി.എസ്.വൈ.-ൽ 2008-ൽ ആരംഭിച്ചതാണ്. എന്നാൽ 2012 ആയിട്ടും ആ പണികൾ ആരംഭിച്ചിട്ടില്ല. അതുമായി ബന്ധപ്പെട്ട് പലവിധത്തിലുള്ള അഴിമതിയും ക്രമക്കേടുകളും നടന്നതായി ഫയലുകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ റോഡിന്റെ നിർമ്മാണ നടപടികളുമായി ബന്ധപ്പെട്ട് ഒരു സമഗ്രമായ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഉല്പാദന

മേഖലയിലെ തുക വകമാറ്റി ചെലവഴിക്കുന്നുവെന്നും പഞ്ചായത്തിന്റെ പദ്ധതിപ്പണം ഉപയോഗിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നുവെന്നും ഇന്നത്തെ ചില പത്രങ്ങളിൽ വാർത്ത വന്നിരിക്കുകയാണ്. ഈ വാർത്തയും യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ല. ഉല്പാദന മേഖലയ്ക്കുള്ള തുക സർക്കാർ വകമാറ്റി ചെലവഴിച്ചിട്ടില്ല. എന്റെ കൈവശം ഈ വർഷത്തെ പ്ലാൻ ഗൈഡ്ലൈൻസിന്റെ കോപ്പിയുണ്ട്. ഇവിടത്തെ റോഡുകൾ, പാലങ്ങൾ ബസ് സ്റ്റാന്റുകൾ, ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്കായി പശ്ചാത്തലമേഖലയിലാണ് തുക വകയിരുത്തിയിരിക്കു ന്നത്. ഇതിന് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലെന്നുമാത്രമല്ല, പദ്ധതിവിഹിതത്തിന്റെ 30 ശതമാനം വരെ മാത്രമേ പശ്ചാത്തലമേഖലയിൽ ചെലവഴിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്തുകളെ അനുവദിച്ചിരുന്നുള്ളൂ. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പാലോളി മുഹമ്മദ് കുട്ടി മന്ത്രിയായിരുന്നപ്പോൾ 23–04–2011–ന് പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നത്, ഗ്രാമ–ബേ്ളാക്ക്–ജില്ലാ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തുന്ന തുകയുടെ പരിധി 40 ശതമാനമായിരിക്കും. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് 45 ശതമാനമാക്കി വർദ്ധിപ്പിച്ചു. അതാണ് ഇക്കാര്യത്തിൽ യു.ഡി.എഫ്–ന്റെ സമീപനം. ഇവിടെ അടിസ്ഥാനരഹിതമായ വാർത്തകൾ കൊടുത്തുകൊണ്ട് ദയവായി ഈ പദ്ധതി പ്രവർത്തനത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കരുതെന്ന് അപേക്ഷിക്കുകയാണ്. ഇവിടെ ഗ്രാമവികസന മേഖലയിൽ ഉന്നയിച്ച ഒരു പ്രധാനപ്പെട്ട പ്രശ്നം കേന്ദ്ര പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടാണ്. ഉമ്മൻ ചാണ്ടി സർക്കാർ

അധികാരമേറ്റ വർഷം ഇവിടെ എന്തെല്ലാം വിമർശനങ്ങളാണ് ഉണ്ടായിരുന്നത്? തദ്ദേശസ്വയം ഭരണവകുപ്പിനെ മൂന്നായി വിഭജിച്ചുവെന്നും മൂന്നുമന്ത്രിമാരാണെന്നും ഒക്കെയായിരുന്നു. കഴിഞ്ഞ ഒരു കൊല്ലക്കാലത്തെ പ്രവർത്തനം വിലയിരുത്തിയാൽ നിങ്ങൾക്ക് ബോധ്യമാകും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ വലിയ മാറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ 2006-മേയ് മാസം മുതൽ 2007-ജൂലൈ മാസം വരെയുള്ള എൽ.ഡി.എഫ്-ന്റെ പതിനാല് മാസക്കാലവും 2011-മേയ് മാസം മുതൽ 2012 ജൂലൈ മാസം വരെയുള്ള യു.ഡി.എഫ്-ന്റെ പതിനാല് മാസക്കാലവും തമ്മിലുള്ള വ്യത്യാസം ഞാൻ വായിക്കാം. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന, അന്നത്തെ ചെലവ് 2717.76 ലക്ഷം, ഇപ്പോഴത്തെ ചെലവ് 3692.71 ലക്ഷം. ഇന്ദിരാ ആവാസ് യോജന, അന്നത്തെ ചെലവ് 7062.58 ലക്ഷം രൂപ., ഇന്നത്തെ ചെലവ് 18,946.62 ലക്ഷം രൂപ. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അന്നത്തെ ചെലവ് 2789.73 ലക്ഷം രൂപ, ഇന്നത്തെ ചെലവ് 1,06,500 രൂപ. പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന, അന്നത്തെ ചെലവ് 2054.2 ലക്ഷം രൂപ, ഇന്നത്തെ ചെലവ് 5,784.3 ലക്ഷം രൂപ. .....(ബഹളം).....ഞാൻ മേശപ്പുറത്ത് വയ്ക്കാം. സംശയിക്കേണ്ട.

<u>ശ്രീ. ഇ.പി. ജയരാജൻ</u>: സർ, ഒരു പദ്ധതിയിൽ ഉല്പാദന മേഖലയ്ക്ക് കൂടുതൽ പ്രാമുഖ്യം കൊടുത്തുകൊണ്ട് ഉല്പാദനപ്രക്രിയയെ ശക്തിപ്പെടുത്താനുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ഇവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഉപയോഗിക്കേണ്ടത് സംബന്ധിച്ച് ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ള കുറിപ്പിൽ ഉല്പാദന മേഖലയിലെ ചെലവ്

വർദ്ധിക്കുകയല്ല, കുറയ്ക്കാനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.സി. ജോസഫ്: സർ, ഉല്പാദന മേഖലയ്ക്കുവേണ്ടിയുള്ള അലോക്കേഷനിൽ ഒരു കുറവും വരുത്തിയിട്ടില്ല. പക്ഷേ ഇന്ന് അൺടൈഡ് ഫണ്ടായി ഓരോ പഞ്ചായത്തിനും 40% മാറ്റിവച്ചിട്ടുണ്ട്. കൃഷി വകുപ്പിനാവശ്യമായ ഫണ്ടുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ പണി ചെയ്യാൻ സാധിക്കും. അങ്ങയുടെ ആശങ്ക അസ്ഥാനത്തായിരിക്കും. കാർഷിക മേഖലയുടെ അലോക്കേഷൻ കുറയാൻ പോകുന്നില്ലെന്ന് ഈ പദ്ധതി കഴിയുമ്പോൾ ബോദ്ധ്യമാകും. എന്നുമാത്രമല്ല, ഒന്ന് മനസ്സിലാക്കണം, ഞങ്ങൾ നിങ്ങളുടെ പഞ്ചായത്ത് പ്രസിഡന്റുമാരടക്കം ആവശ്യപ്പെട്ടതുപോലെയാണ് മാറ്റം വരുത്തിയിട്ടുള്ളത്. അധികാരം കൂടുതലായി പഞ്ചായത്തിന് കൊടുത്തു, ഉദ്യോഗസ്ഥന്മാരെ ഒഴിവാക്കി. കഴിഞ്ഞ എല്ലാ അവസരങ്ങളിലും പറയുന്ന ആക്ഷേപമാണ് ഇത്. പദ്ധതിക്ക് തടസ്സമായ ടാഗ് പോലെയുള്ളവ ഒഴിവാക്കുകയും യഥാർത്ഥ അധികാരം പഞ്ചായത്ത് കമ്മിറ്റിക്ക് കൈമാറുകയും ചെയ്തപ്പോൾ ദയവായി വിമർശിക്കുന്നത് ശരിയായ കാര്യമല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മിഥുനം-കർക്കടകം മാസങ്ങളിൽ കടലാക്രമണമുണ്ടാകുന്ന സ്ഥലങ്ങളിൽ മണൽച്ചാക്ക് വയ്ക്കുന്ന ജോലിയുണ്ട്. കഴിഞ്ഞ വർഷവും അതിന്റെ മുമ്പത്തെ വർഷവും ഗവൺമെന്റ് വനിതകൾക്ക് ചാക്ക് കൊടുത്ത് അതിൽ മണൽ നിറച്ച് അവ തീരദേശങ്ങളിൽ വയ്ക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. അത് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയിരുന്നു. ഈ വർഷവും അതിനുള്ള അംഗീകാരം കൊടുക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചൂണ്ടിക്കാണിച്ചതുപോലെയുള്ള തീരസംരക്ഷണ പദ്ധതികൾക്കുവേണ്ടിയുള്ള നിർദ്ദേശം അവിടെ കൊടുക്കുന്നതാണ്. പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയെ സംബന്ധിച്ച് വലിയ വിമർശനങ്ങൾ വന്നു. ശ്രീ ചെന്താമരാക്ഷൻ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ റോഡ് കിട്ടിയില്ലെന്നുപറഞ്ഞു. ഈ പദ്ധതി ഞങ്ങളുടെ ഭരണം തീരുമ്പോൾ അവസാനിക്കേണ്ടതാണ്. 7 ഫെയ്സും നിങ്ങളുടെ കാലത്താണ് പൂർത്തിയാക്കേണ്ടത്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അപ്പുറത്തിരിക്കുമ്പോൾ ഞങ്ങൾ പലവട്ടം അസംബ്ലിയിൽ പറഞ്ഞു, പി.എം.ജി.എസ്.വൈ. പൂർത്തിയാകണമെങ്കിൽ നിലവിലുള്ള ടെണ്ടർ റേറ്റിൽ വരുന്ന എക്സസ് സംസ്ഥാനങ്ങൾക്ക് കൊടുക്കണം. ബഹുമാന്യനായ ഡോ. തോമസ് ഐസക് ഒരു പൈസപോലും മാറ്റിവച്ചില്ല. അതുകൊണ്ടുതന്നെ 2010–ൽ പൂർത്തിയാകേണ്ട 304 പ്രവൃത്തികളിൽ ഇപ്പോഴും പണി ആരംഭിക്കാൻപോലും സാധിച്ചിട്ടില്ല. ഒരുകാര്യം അങ്ങ് മനസ്സിലാക്കണം, ഇൻഡ്യയിലെ ഓരോ സംസ്ഥാനങ്ങളിലും പി.എം.ജി.എസ്.വൈ.–ക്ക് ഫണ്ട് നൽകിയിട്ടുണ്ട്. ആന്ധ്രാ സംസ്ഥാനത്തിന് ലഭിച്ചത് 4018 കോടി രൂപ, തമിഴ്നാടിന് ലഭിച്ചത് 2045 കോടി രൂപ, കർണ്ണാടകയ്ക്ക് ലഭിച്ചത് 3143 കോടി രൂപ, മണിപ്പൂരിന് ലഭിച്ചത് 670 കോടി രൂപ. കേരളത്തിന് പദ്ധതി കൊടുത്തത് 976 കോടി രൂപയ്ക്കാണ്. ഗവൺമെന്റിന് ആ പണം അനുവദിച്ചു. ചെലവഴിച്ചത് 583.54 കോടി രൂപ. ...(ബഹളം).... ഞാൻ കണക്കാണ് പറയുന്നത്. ശ്രീ. കോവൂർ കുഞ്ഞുമോൻ സംശയിക്കണ്ട. പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കേരളത്തിന് ലഭിച്ച ഫണ്ട് പോലും ചെലവഴിക്കാൻ സാധിച്ചില്ല. എന്തുകൊ

ണ്ടാണ്? ഒരു ഏകശിലാ വിഗ്രഹം പോലെ ഇവിടെ ശ്രീ. കെ. രാധാകൃഷ്ണന്റെ സീറ്റിൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടി, 5 വർഷം ഇരുന്നു. അന്ന് ബാക്ക് സീറ്റ് ഡ്രൈവിംഗാണ് നടന്നുകൊണ്ടിരുന്നത്. 5 കൊല്ലം ഒരു മന്ത്രിചുമതല വഹിച്ചിട്ടും പി.എം.ജി.എസ്.വൈ. പ്രവർത്തനം പരാജയമായിരുന്നു. പക്ഷേ ഞങ്ങൾ ഇന്ന് ആ 302 വർക്കും ടെണ്ടർ ചെയ്തു. മാത്രമല്ല, ആവശ്യമായ ടെണ്ടർ എക്സസ് കൊടുക്കാൻ ക്യാബിനറ്റ് തീരുമാനിച്ചു. നിങ്ങൾ കൂടി സഹകരിച്ചാൽ നമുക്ക്.... നിങ്ങളുടേയും മണ്ഡലങ്ങളിലെ പ്രവൃത്തിയുണ്ട്. നമുക്കെല്ലാം ഒന്നായി .....(ബഹളം).......

<u>മി. സ്പീക്കർ</u>: യെസ്....യെസ്....മിനിസ്റ്റർ.....അദ്ദേഹം പറയും. ഇൻഡ്യയിൽ മൊത്തം ഒരേ കണ്ടിഷനാണ്. ......(ബഹളം)..... പ്ലീസ്..... പ്ലീസ്...

<u>ശ്രീ. കെ.സി. ജോസഫ്</u>: തടസ്സമുണ്ടായത് അതുകൊണ്ടല്ല. പി.എം.ജി. എസ്.വൈ.-യുടെ റോഡിന്റെ വീതി ഞങ്ങളുടെ കാലത്താണ് 6 മീറ്ററാക്കിയത്. ബഹുമാന്യനായ സുഹൃത്ത്, അദ്ദേഹം യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നു, ഞാൻ സെക്രട്ടറിയായിരുന്നു. അദ്ദേഹത്തിന് രേഖയുണ്ടെന്ന് പറഞ്ഞു. ആ രേഖ ഹാജരാക്കാമോ? ഞങ്ങളാണ് റോഡിന്റെ വീതി 6 മീറ്ററാക്കിയത്. ചട്ടങ്ങളിൽ മാറ്റംവരുത്തി. മാറ്റം വരുത്തിയിട്ടും തടസ്സമായി നിൽക്കുന്നത്, ടെണ്ടർ വിളിക്കുമ്പോൾ പി.ഡബ്ല്യു.ഡി. ടെണ്ടർ എക്സസ് കൊടുക്കണം. അത് കൊടുക്കാൻ തയ്യാറായിരുന്നെങ്കിൽ ഇവർക്ക് ആരംഭിക്കാൻ സാധിക്കുമായിരുന്നു. നിങ്ങൾ തയ്യാറായില്ല. ഞങ്ങൾ തയ്യാറായിട്ടുണ്ട്. ഇന്ദിര ആവാസ് യോജന എസ്.സി. വിഭാഗത്തിന് 1,50,000 രൂപ, പൊതുവിഭാഗത്തിന് 75,000 രൂപ, എസ്.ടി. വിഭാഗം 2,00,000 രൂപയാണ് നിങ്ങൾ ആകെ കൊടുത്തത്.

ഞങ്ങൾ ഇതെല്ലാം വർദ്ധിപ്പിച്ചു. എസ്.ടി. വിഭാഗം 2,50,000 രൂപയാക്കി. എസ്.സി. വിഭാഗത്തിനും പൊതുവിഭാഗത്തിനും 2 ലക്ഷമാക്കി. അതിനാവശ്യമായ പണം ബഡ്ജറ്റിലുണ്ടാകും. ഈ തീരുമാനം പ്രഖ്യാപിച്ച ദിവസം മുതൽ അതായത് 15–09–2011 മുതൽ അനുവദിച്ച എല്ലാ വീടിനും ഈ വർദ്ധനവ് കൊടുക്കും. സ്വതന്ത്ര ഇൻഡ്യ കണ്ട ഏറ്റവും വലിയ പദ്ധതിയാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി. ഒരു വീട്ടിൽ ഒരാൾക്ക് 100 ദിവസം ജോലി. 100 ദിവസം പോര, 200 ദിവസം വേണമെന്നുപറഞ്ഞ് ഇവിടെ സമരം ചെയ്യുന്നുണ്ട്. പക്ഷേ നിങ്ങൾ അധികാരമൊഴിയുമ്പോൾ ശരാശരി കേരളത്തിൽ ജോലി കൊടുത്തത് 34 ദിവസം മാത്രമായിരുന്നു. 200 ദിവസം ആവശ്യപ്പെടുമ്പോഴും ജോലി കൊടുത്തത് 34 ദിവസമാണ്. ഞങ്ങൾ ഇന്ന് ഈ അവസാനത്തെ കണക്കനുസരിച്ച് കേരളത്തിൽ ഇപ്പോൾ ശരാശരി 44.46 ദിവസം ജോലി കൊടുത്തുകഴിഞ്ഞു. ദേശീയ ആവറേജ് 39.95 ആണ്. എന്നുമാത്രമല്ല, എം.ജി.എൻ.ആർ.ജി.എസ്.–ൽ കഴിഞ്ഞ കൊല്ലത്തേക്കാൾ ഇത്തവണ 364 കോടി രൂപ അധികം ചെലവഴിച്ചു. ഐ.റ്റി. പ്രൊഫഷണൽ, ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഇവരുടെയെല്ലാം ശമ്പളം ഗണ്യമായി വർദ്ധിപ്പിച്ചു. കേന്ദ്രഗവൺമെന്റ് എം.ജി.എൻ.ആർ.ജി.എസ്.–ൽപ്പെടുത്തി എല്ലാ ഗ്രാമപഞ്ചായത്തുകളിലും രാജീവ് ഗാന്ധി വിശ്രമ ഭവനുവേണ്ടി 10 ലക്ഷം രൂപ, എല്ലാ ബ്ലോക്ക് പഞ്ചായത്തിനും 25 ലക്ഷം രൂപ......... കെട്ടിടം പണി ചെയ്യണമെങ്കിൽ മെറ്റീരിയൽസ് വേണം. കേന്ദ്രഗവൺമെന്റ് നോംസ് അനുസരിച്ച് എം.ജി.എൻ.ആർ.ജി.എസ്.–ൽ മെറ്റീരിയൽ കമ്പോണന്റിനുവേണ്ടി 40% ചെലവഴിക്കാനുള്ള വ്യവസ്ഥയുണ്ടായിട്ടും നിങ്ങൾ സമ്മിതിച്ചില്ല. മെറ്റീരിയൽ കമ്പോ

ണന്റ് അനുവദിച്ചാൽ വലിയ അഴിമതിയുണ്ടാകുമെന്ന് നിങ്ങൾ പറഞ്ഞു. അതുകൊണ്ട് എന്ത് സംഭവിച്ചു? കേരളത്തിലെ ഒരു പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും ഈ കെട്ടിടം പണിയാൻ സാധിച്ചില്ല. ഞങ്ങൾ ആ നിയമം മാറ്റി. കേന്ദ്ര ഗവൺമെന്റ് നോംസ് അനുസരിച്ച് 40% മെറ്റീരിയൽസ് കമ്പോണന്റിനുള്ള അനുവാദം കൊടുത്തു. അപ്പോൾ നിങ്ങൾ പറയുന്നു, വലിയ അഴിമതിയുണ്ടാകാൻ പോകുന്നു. മന്ത്രിയെ എൻജിനീയർമാർ സ്വാധീനിച്ചുവെന്ന് പറയുന്നു. ഒരു സംശയവും വേണ്ട. അഴിമതിയുണ്ടാകാതിരിക്കാൻവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. നിങ്ങൾകൂടി സഹകരിച്ചാൽ ഈ വർഷം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 10 ലക്ഷം രൂപയ്ക്ക് രാജീവ് ഗാന്ധി വിശ്രമ കേന്ദ്രവും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും 25 ലക്ഷം രൂപയുൾപ്പെടെ കൊടുക്കാൻ സാധിക്കും. അതുപോലെതന്നെ ഇവിടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിക്കൊണ്ട് പ്രാഥമികമായ ക്ഷീരസംഘങ്ങളുടെ വികസനത്തിന്റെ കാര്യം പറഞ്ഞു. ഇപ്പോൾ 4 ജില്ലകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതലായി ഇടുക്കി ജില്ല കൂടി ഉൾപ്പെടുത്തുന്നതായിരിക്കും. ക്ഷീരസംഘങ്ങളുടെ കെട്ടിടത്തിനുവേണ്ടിയുള്ള എം.എൽ.എ.-മാരുടെ ഫണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചിരുന്നതാണ്. എം.എൽ.എ. മാരുടെ ഫണ്ടിൽ ഒരു തുക ക്ഷീരസംഘങ്ങൾക്ക് കൊടുക്കാൻ സാധിക്കുമായിരുന്നു. പക്ഷേ പിന്നീട് ആ ചട്ടത്തിൽ മാറ്റംവരുത്തി. ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്, എം.എൽ.എ.-മാരുടെ ഗൈഡ്‌ലൈൻസിൽ ആവശ്യമായ മാറ്റംവരുത്തി എം.എൽ.എ.-മാർ ആഗ്രഹിക്കുന്നുവെങ്കിൽ ക്ഷീരസംഘങ്ങൾക്ക് ഫണ്ട് നൽകാനുള്ള വ്യവസ്ഥ ഉണ്ടാക്കുന്നതായിരിക്കും. ഏതായാലും കഴിഞ്ഞ ഒരു കൊല്ല

ക്കാലം അത്ഭുതങ്ങൾ സംഭവിച്ചില്ലെങ്കിലും കേരളത്തിന്റെ ക്ഷീരമേഖലയിലും ഗ്രാമവികസന മേഖലയിലും വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. തീർച്ചയായും അടുത്ത 5 വർഷം 12-ാം പദ്ധതി പിന്നിടുമ്പോൾ പ്രകടമായ മാറ്റമുണ്ടാക്കാൻ സാധിക്കും. ആ ശ്രമങ്ങളിൽ ഈ സഭയിലുള്ള എല്ലാവരുടേയും സഹായം അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ ഡിമാന്റ് പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, അങ്ങ് ഈ നധാഭ്യർത്ഥന പാസ്സാക്കി എടുക്കുമ്പോൾ സാധാരണ ഗതിയിൽ ക്ഷീരകർഷകരുടെ നിരവധി ക്ഷേമ പദ്ധതികൾ പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. എന്നാൽ ഇവിടെ തന്നിരിക്കുന്ന ഒരു നോട്ടിൽ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയിൽ എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതുമൂലമുള്ള അധിക സാമ്പത്തിക ബാധ്യത സംസ്ഥാനത്തിന് നിർവ്വഹിക്കാൻ കഴിയുകയില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ കാലിത്തീറ്റ സബ്സിഡി ഇല്ല എന്നാണോ മനസ്സിലാക്കേണ്ടത്?

<u>ശ്രീ. കെ.സി. ജോസഫ്</u>: സർ, എന്നല്ല. അങ്ങയുടെ കാലത്ത് സംഘങ്ങൾ അളക്കുന്ന ഒരു ലിറ്റർ പാലിന് കൊടുത്തിരുന്ന കാലിത്തീറ്റ സബ്സിഡി 40 പൈസ ആയിരുന്നത് 80 പൈസ ആക്കി. ഇപ്പോൾ അത് 12 മാസമാക്കി. അതിനാവശ്യമായ തുക ബഡ്ജറ്റിലുണ്ട്.

**ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം**

മി. സ്പീക്കർ: സർവ്വശ്രീ. മാത്യു. റ്റി. തോമസ്, സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, ഇ.കെ. വിജയൻ, എ. കെ. ബാലൻ, എം. ചന്ദ്രൻ, കെ. രാധാകൃഷ്ണൻ, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ), വി. ചെന്താമരാക്ഷൻ, ബി.ഡി. ദേവസ്സി, എ.കെ. ശശീന്ദ്രൻ, എ. പ്രദീപ്കുമാർ, പുരുഷൻ കടലുണ്ടി, സി.കെ. സദാശിവൻ, കെ.വി. വിജയദാസ്, പി. ശ്രീരാമകൃഷ്ണൻ ശ്രീമതിമാർ പി. അയിഷാ പോറ്റി, കെ.കെ. ലതിക, കെ.എസ്.സലീഖ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ

29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദീൻ

59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എം. എ. ബേബി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. പി. കെ. ഗുരുദാസൻ
17. ശ്രീ. എം. ഹംസ
18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. കെ. കെ. ജയചന്ദ്രൻ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ

46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ
52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. പി. തിലോത്തമൻ
58. ശ്രീ. ഇ. കെ. വിജയൻ
59. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 71

പ്രതികൂലിക്കുന്നവർ – 59

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII – ക്ഷീരവികസനം

മി. സ്പീക്കർ: സർവ്വശ്രീ. സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, ഇ.കെ. വിജയൻ, മാത്യു.റ്റി.തോമസ്, എ.കെ. ശശീന്ദ്രൻ, എ.കെ. ബാലൻ, എം. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ബി.ഡി. ദേവസ്സി, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എ. പ്രദീപ്കുമാർ, പുരുഷൻ

കടലുണ്ടി, കെ. രാധാകൃഷ്ണൻ, എസ്. ശർമ്മ, പി. ശ്രീരാമകൃഷ്ണൻ, കെ. വി. വിജയദാസ് ശ്രീമതിമാർ പി. അയിഷാ പോറ്റി, കെ. കെ. ലതിക, കെ.എസ്. സലീഖ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

ക്ഷീരവികസനം എന്ന XXXII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥ നയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ

35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്

65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എം. എ. ബേബി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. പി. കെ. ഗുരുദാസൻ
17. ശ്രീ. എം. ഹംസ
18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. കെ. കെ. ജയചന്ദ്രൻ
21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ

52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. പി. തിലോത്തമൻ
58. ശ്രീ. ഇ. കെ. വിജയൻ
59. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 71

പ്രതികൂലിക്കുന്നവർ – 59

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXVI – സാമൂഹ്യവികസനം**

മി. സ്പീക്കർ: സർവ്വശ്രീ. മാത്യു.റ്റി. തോമസ്, എ. പ്രദീപ്കുമാർ, പുരുഷൻ കടലുണ്ടി, സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, ഇ.കെ. വിജയൻ, എ.കെ. ശശീന്ദ്രൻ, എ.കെ. ബാലൻ, എം.ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ബി.ഡി. ദേവസ്സി, എം. ഹംസ, സി.കെ.സദാശിവൻ, എസ്. ശർമ്മ, പി. ശ്രീരാമകൃഷ്ണൻ, കെ.വി. വിജയദാസ്, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. രാധാകൃഷ്ണൻ, ശ്രീമതിമാർ കെ. കെ. ലതിക, പി. അയിഷാ പോറ്റി, കെ. എസ്. സലീഖ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

സാമൂഹ്യവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്

41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്

71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എം. എ. ബേബി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. പി. കെ. ഗുരുദാസൻ
17. ശ്രീ. എം. ഹംസ
18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. കെ. കെ. ജയചന്ദ്രൻ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീമതി കെ. കെ. ലതിക
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ
52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. പി. തിലോത്തമൻ

58. ശ്രീ. ഇ. കെ. വിജയൻ

59. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 71

പ്രതികൂലിക്കുന്നവർ – 59

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 10-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 3.55-ന് പിരിഞ്ഞു.)

***************